# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1592** **04-10-2016-ൽ മറുപടിയ്ക്ക്**

## നികുതി ചോർച്ച തടയുന്നതിന് നടപടി

| | ചോദ്യം<br><br>ശ്രീ. എം. ഉമ്മർ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (എ) | സംസ്ഥാനത്ത് നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും വേണ്ടി സ്വീകരിച്ച/ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു:-<br><br>**I. വാണിജ്യ നികുതി വകുപ്പ്**<br><br>നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കി. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽകൊണ്ടു വരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതിയിലുള്ള കേസുകൾ അടിയന്തരമായി തീർപ്പുകൽപ്പിച്ച് നികുതി പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഇതിനുപുറമേ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവിടങ്ങളിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും അടിയന്തരമായി തീർപ്പാക്കുന്നതിലേയ്ക്കായി ഡെപ്യൂട്ടി കമ്മീഷണറുടെ നാലും അസിസ്റ്റന്റ് കമ്മീഷണറുടെ പന്ത്രണ്ടും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം ഡ്യൂട്ടി സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തൽസമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്താൻ നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.<br><br>**II. രജിസ്ട്രേഷൻ വകുപ്പ്**<br>രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യൂവേഷൻ കേസുകളുടെ |

| | | | |
|---|---|---|---|
| | | | അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു.<br>വിലയാധാരങ്ങളുടെയും, കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.<br><br>**III. <u>ലാന്റ് റവന്യൂ വകുപ്പ്</u>**<br>ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ, മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 01-08-2016 മുതൽ താലൂക്ക് - ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.<br><br>**IV. <u>എക്സൈസ് വകുപ്പ്</u>**<br>എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. അനധികൃത മദ്യത്തിന്റെ വില്പന തടയുന്നതിനായി ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധനയും നടത്തുന്നു. |

| | | | |
|---|---|---|---|
| | | | V. <u>മോട്ടോർ വാഹന വകുപ്പ്</u><br>മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ റിക്കവറി നടപടികൾ ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.